ഏഴരക്കിലോ കഞ്ചാവുമായി ഇതര സംസ്ഥാനത്തൊഴിലാളി പിടിയിൽ. ഒഡീഷ സ്വദേശി വിദ്യാധർ ബഹ്റ (30) നെയാണ് റൂറൽ ഡാൻസാഫ് ടീമും കുറുപ്പംപടി പോലീസും ചേർന്ന് പിടികൂടിയത്. ജില്ലാ പോലീസ് മേധാവി വൈഭവ് സക്സേനക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്നായിരുന്നു പരിശോധന. കാറിൽ കടത്തുകയായിരുന്ന കഞ്ചാവ് പെരുമ്പാവൂർ ഇരിങ്ങോളിന് സമീപത്തു നിന്നാണ് പിടിച്ചെടുത്തത്. കാറിന്റെ ഡിക്കിയിൽ ബാഗിൽ എട്ട് പ്രത്യേക പായ്ക്കറ്റുകളിൽ സൂക്ഷിച്ച നിലയിലായിരുന്നു. ഒഡീഷയിൽ നിന്ന് ട്രയിൻ മാർഗമാണ് കഞ്ചാവ് ആലുവയിലെത്തിച്ചത്. ഇവിടെ അതിഥി തൊഴിലാളികൾക്കിടയിൽ വിൽപ്പനയായിരുന്നു ലക്ഷ്യം. പിടികൂടിയ കഞ്ചാവിന് രണ്ട് ലക്ഷത്തോളം രൂപ വിലവരും . വട്ടയ്ക്കാട്ടുപടിയിലെ പ്ലൈവുഡ് കമ്പനിയിലെ തൊഴിലാളിയാണ് ഇയാൾ. ഇതിന് മുമ്പും കഞ്ചാവ് കൊണ്ടുവന്നിട്ടുണ്ടോയെന്ന് അന്വേഷിക്കുന്നുണ്ട്. കാറും പോലീസും കസ്റ്റഡിയിലെടുത്തു. ഇൻസ്പെക്ടർ ഹണി.കെ.ദാസ്, എസ്.ഐമാരായ എം.ആർ.ശ്രീകുമാർ, ടി.പി.അബ്ദുൾ ജലീൽ സീനിയർ സി.പി.ഒ മാരായ എം.ബി.സുബൈർ, അനിൽകുമാർ, സി.പി.ഒ സഞ്ജു ജോസ് തുടങ്ങിയവരാണ് അന്വേഷണ സംഘത്തിലുള്ളത്.